(ഡി) ഈ ഇനത്തിൽ സംസ്ഥാനമൊട്ടാകെയുള്ള ട്രഷറികളിലായി 2.90 കോടി രൂപ ബാലൻസ് ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ലഭിച്ചിട്ടില്ല.

(എച്ച്) ഈ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള അധികാരി ജില്ലാ കളക്ടർ ആണ്. പ്രസ്തുത അക്കൗണ്ടിനായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുവാനും ബാങ്ക് അക്കൗണ്ട് തുറക്കാൻ ആവശ്യപ്പെട്ട കളകടർമാർക്ക് അതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്.

ഗൾഫിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

19 (4058) ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫിൽ മരിച്ചവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾക്കായി ജില്ലാ ട്രഷറികളിൽ ആരംഭിച്ച പ്രത്യേക എസ്. ബി. അക്കൗണ്ടുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം അക്കൗണ്ടുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മൊത്തം ഇത്തരത്തിലുള്ള എത്ര അക്കൗണ്ടുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട് ;

(ഡി) വിവിധ ജില്ലകളിലായി ഈ ഇനത്തിലുള്ള എത്ര കോടി രൂപ വിതരണം ചെയ്യപ്പെടാതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്ര തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിക്ഷേപിക്കാൻ കഴിയാതെ കൈവശമുണ്ട് ; ഈ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്ത് ഇത്തരം ഏഴ് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വിവിധ ജില്ലകളിലായി ഈ ഇനത്തിൽ 2,90,57,566 രൂപ ബാലൻസ് ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരി, ജില്ലാ കളക്ടർമാരാണ്.

വിവരം ശേഖരിച്ചു വരുന്നു.

പണം ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈവശംവച്ചവർക്കെതിരെ നടപടി

20 (4059) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലെയും സാമ്പത്തിക വർഷാവസാനം 25 ലക്ഷത്തിൽ കൂടുതൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും പിൻവലിച്ച തുക 10 ദിവസത്തിനകം പൂർണ്ണമായും ചെലവിടുകയോ തിരികെ ട്രഷറിയിൽ നിക്ഷേപിക്കുകയോ ചെയ്യാത്ത വകുപ്പുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) അപ്രകാരം എന്തു തുക പിൻവലിച്ച് എത്ര ദിവസം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം ഇല്ലാതെ കൈവശം വച്ചിരുന്നു എന്ന് വെളിപ്പെടുത്താമോ ;

(സി) ഫൈനാൻഷ്യൽ കോഡിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പണം ട്രഷറിയിൽ നിന്ന് പിൻവലിച്ച് കൈവശം വച്ചവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷാവസാനത്തിൽ 25 ലക്ഷത്തിൽ കൂടുതൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുകയും പിൻവലിച്ച തുക 10 ദിവസത്തിനകം പൂർണ്ണമായും ചെലവിടുകയോ തിരികെ ട്രഷറിയിൽ നിക്ഷേപിക്കുകയോ ചെയ്യാത്ത വകുപ്പുകളെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ശേഖരിച്ചു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷാവസാനം സംസ്ഥാനത്തെ ഏഴു വകുപ്പുകളിലെ വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ റവന്യൂ, കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, മത്സ്യബന്ധനം, എന്നീ വകുപ്പുകളിൽ ഇപ്രകാരം അധികം തുക സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) ഫിനാൻഷ്യൽ കോഡിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് കൈവശം വച്ചവർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതിന് ഭരണ വകുപ്പുകളോട് ശുപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly